# സകാത്ത് കൈപുസ്തകം

(സകാത്ത് ശാഫീ മദ്ഹബിൽ)

Zakat Knowledge Programme 2021

www.ihyacollective.com

## സകാത്തിന്റെ വിഷയത്തിൽ മദ്ഹബുകൾ തമ്മിൽ വീക്ഷണ വ്യത്യാസങ്ങളുണ്ടോ? ഉദാഹരണങ്ങൾ പറയാമോ?

തീർച്ചയായും. മദ്ഹബുകൾ തമ്മിലും മദ്ഹബുകൾക്കുള്ളിലും വിശദാംശങ്ങളിൽ അനേകം വീക്ഷണ വ്യത്യാസമുള്ള വിഷയമാണ് സകാത്ത്.
ഉദാഹരണത്തിന്, സ്ത്രീകൾക്ക് അനുവദനീയമായ സ്വർണ്ണാഭരണങ്ങൾക്ക് ശാഫീ മദ്ഹബിൽ സകാത്തില്ല, എന്നാൽ ഹനഫീ മദ്ഹബിൽ ഉണ്ട്. കാർഷിക വിളകളിൽ സുഗന്ധ വ്യഞ്ജനങ്ങൾക്ക് ശാഫീ മദ്ഹബിൽ സകാത്തില്ല; മാലികീ മദ്ഹബിൽ ഉണ്ട്. മേഞ്ഞു തിന്നുന്ന ആട്, മാട്, ഒട്ടകങ്ങൾക്ക് മാത്രമാണ് ശാഫീ, ഹനഫീ മദ്ഹബുകളിൽ സകാത്തുള്ളത്; എന്നാൽ, മാലികീ മദ്ഹബിൽ "മേഞ്ഞു തിന്നുന്നത് " എന്ന നിബന്ധനയില്ല.

## സകാത്ത് ഒരു ഇബാദത്ത് ആണോ ? അത് ശരിയാകാൻ നിയ്യത്ത് നിർബന്ധമുണ്ടോ ?

നിസ്കാരം പോലെ വ്യക്തികളുടെ മേൽ നിർബന്ധമാകുന്ന 'ഫർള് ഐൻ' ആയ ആരാധനയാണ് സകാത്ത്. അത് ശരിയാകാൻ "ഞാൻ എന്റെ സകാത്ത് നൽകുന്നു" എന്ന് ധനം മാറ്റി വെക്കുമ്പോഴോ വിതരണം ചെയ്യുമ്പോഴോ മനസ്സിൽ കരുതൽ നിർബന്ധമാണ്.

## സകാത്ത് ശരിയാകാനുള്ള വേറെ ഘടകങ്ങൾ എന്തൊക്കെയാണ്?

സകാത്ത് നൽകുന്നത് അതിന്റെ അവകാശികൾക്ക് മാത്രമായിരിക്കണമെന്ന നിർബന്ധമുണ്ട്. കൊടുക്കുന്നത് കണക്ക് നോക്കിത്തന്നെയാകണം. അവകാശിക്ക് നേരിട്ട് കൊടുക്കുകയോ ഒരു 'വകീൽ' നെ കൊടുക്കാൻ ഏൽപ്പിക്കുകയോ ആവാം. 'വകീൽ' കൊടുത്തുവെന്ന് ഉറപ്പ് വരുത്തണം. കൊടുത്തില്ലങ്കിൽ സകാത്ത് വീടുകയില്ല.

## സ്ത്രീയും പുരുഷനും തമ്മിൽ വ്യത്യാസമുണ്ടോ ? കുട്ടികൾക്ക് ധനമുണ്ടെങ്കിൽ അതിന്റെ സകാത്ത് കൊടുക്കണോ ?

സ്ത്രീയും പുരുഷനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. കച്ചവട ചരക്ക്, സ്വർണ്ണം/ വെള്ളി, പണം, ചില കാർഷിക വിളകൾ, ചില വളർത്തുമൃഗങ്ങൾ എന്നിവ ഒരു നിർണ്ണിത അളവിൽ ഉണ്ടെങ്കിൽ സ്ത്രീയും പുരുഷനും സകാത്ത് നൽകണം. അവർ ധനികരാകണമെന്ന് പോലുമില്ല. സകാത്ത് ധനത്തിനാണ് ഈടാക്കുന്നത്. കുട്ടികളുടെ ധനത്തിന് അതിന്റെ സംരക്ഷണ ചുമതലയുള്ള രക്ഷിതാവ് സകാത്ത് നൽകണം.

### ധനികർക്ക് സകാത്തിന് പുറമേ വേറെ നിർബന്ധ ബാധ്യതകളുണ്ടോ ?

തീർച്ചയായും. തന്റെയും ആശ്രിതരുടെയും ഒരു വർഷത്തെ ചെലവിന് വേണ്ടതിനേക്കാൾ അധികം ധനമുള്ളവർ അവരുടെ നാട്ടിലെ പാവപ്പെട്ടവരുടെ ഭക്ഷണത്തിനും വസ്ത്രത്തിനുമെല്ലാം പണം നൽകൽ നിർബന്ധമാണ്. കൂടാതെ, അയൽവാസി, മറുനാട്ടിൽ നിന്നും എത്തുന്ന അഥിതികൾ എന്നിവരുടെയെല്ലാം കാര്യത്തിൽ ധനമുള്ളവന് നിർബന്ധ ബാധ്യതകളുണ്ട്.

### സ്വർണത്തിനും വെള്ളിക്കും പുറമേ വേറെ ലോഹങ്ങൾക്ക് സകാത്തുണ്ടോ ?

ഇല്ല. അത് രണ്ടും പണമായി ഉപയോഗിച്ചിരുന്ന ലോഹങ്ങളായത് കൊണ്ട് അവയ്ക്ക് മാത്രമാണ് സകാത്ത്.

### സ്വർണ/വെള്ളി നാണയങ്ങൾക്ക് പുറമേ ചെമ്പ് നാണയവും കടലാസു നോട്ടും ഉപയോഗിച്ചിരുന്നുവല്ലോ ?

ഉണ്ടായിരുന്നു. അതിന്റെ വില ചെറുതായിരുന്നു, ഫുലൂസിന്റെ ഗണത്തിലാണ് അത് പെടുന്നത്. തൂക്കത്തിനനുസരിച്ചുള്ള വില സ്വർണ/വെള്ളി ലോഹങ്ങൾക്ക് എപ്പോഴുമുണ്ടായിരുന്നു.

### ഇന്ന് ഉപയോഗത്തിലുള്ള കടലാസു നോട്ടുകൾക്ക് സകാത്തുണ്ടോ ?

ഭൂരിപക്ഷം ശാഫീ പണ്ഡിതരുടെയും അഭിപ്രായത്തിൽ സകാത്തുണ്ട്. കാരണം, ഇന്നത് മുഖ്യ പണത്തിന്റെ സ്ഥാനത്താണത്.

### കറൻസിയുടെ സകാത്ത് എത്രയാണ്?

200 ദിർഹം വെള്ളിയുടെ (200x2.975g = 595g) തൂക്കത്തിന് എത്ര കറൻസി വേണമോ അത്രയും കറൻസി കൈവശമുള്ളവർ സകാത്ത് നൽകണം. അതിനാണ് "നിസാബ്" എന്ന് പറയുന്നത്. 595g വെള്ളിക്ക് ഏതാണ്ട് 40,000 രൂപയാണ് ഇപ്പോഴത്തെ വില. അത്രയും രൂപ കൈവശമുള്ളവർ സകാത്ത് നൽകണം.

### ഇത്രയും രൂപ കൈവശം വന്നയുടനെ നൽകണോ ?

വേണ്ട. ഒരു വർഷം കഴിഞ്ഞ്. അതിന് മുമ്പും നൽകാം.

**ഒരു വർഷം കഴിഞ്ഞ് കുറേയധികം രൂപ കയ്യിലുണ്ടെങ്കിൽ ?**

കൈവശമുള്ള മുഴുവൻ രൂപക്കും സകാത്ത് നൽകാം. അതാണ് പ്രായോഗികം.

**എത്രയാണ് നൽകേണ്ടത് ?**
മൊത്തത്തിന്റെ 2.5%

**ശമ്പളമായി 25000 രൂപ കിട്ടുന്നയാൾ സകാത്ത് നൽകണോ?**

അയാളുടെ കയ്യിലുള്ള പണം നിസാബ് എത്തുമ്പോൾ (ഏകദേശം 40,000 രൂപ) സകാത്ത് നൽകാൻ ബാധ്യസ്ഥനായി. ആദ്യ ശമ്പളത്തിൽ നിന്ന് 10,000ൽ കൂടുതൽ ചെലവായിപ്പോയില്ലെങ്കിൽ രണ്ടാമത്തെ മാസം അത്രയും പണം കയ്യിലുണ്ടാകുമല്ലോ. നിസാബ് ഒരു വർഷം മുഴുവനും ഉടമസ്ഥതയിലുണ്ടെങ്കിൽ വർഷാവസാനം സകാത്ത് നൽകണം.

**ഏതെങ്കിലും മാസം അയാളുടെ കയ്യിലുള്ള പണം നിസാബിലും താഴെ പോയാൽ ആ വർഷം കൊടുക്കണോ?**

വേണ്ട. നിസാബിലും താഴെ പോയാൽ വർഷം മുറിഞ്ഞു. ഇനി എപ്പോഴാണോ നിസാബിന്റെ അത്രയും തുക ഉടമസ്ഥതയിൽ ഉണ്ടാകുന്നത് അപ്പോൾ മുതൽ വർഷം കണക്കാക്കണം.

**കടം കൊടുത്ത പണം നിസാബ് നോക്കുമ്പോഴോ സകാത്ത് കൊടുക്കുമ്പോഴോ ഉൾപ്പെടുത്തണോ ?**

കിട്ടുമെന്ന് ഉറപ്പുള്ള കടങ്ങൾ ഉൾപ്പെടുത്തണം. കടം നൽകിയത്, ബാങ്കിൽ ഉള്ളത്, എവിടെയെങ്കിലും നിക്ഷേപിച്ചത് - അങ്ങനെ ഒരാളുടെ ഉടമസ്ഥതയിലുള്ള എല്ലാ പണവും ഉൾപ്പെടുത്തിയാണ് നിസാബ് നോക്കുന്നതും സകാത്ത് കൊടുക്കുന്നതും.

**വെള്ളിയുടെ നിസാബല്ലേ 595g. സ്വർണത്തിന് എത്രയാണ്?**

സ്വർണത്തിന്റെ നിസാബ് 20 ദിനാർ ആയിരുന്നു. ഒരു ദിനാർ 4.25g ആണ്. അപ്പോൾ 20x4.25g = 85g ആണ്  സ്വർണത്തിന്റെ നിസാബ്.

**അത്രയും സ്വർണ്ണം ഉടമസ്ഥതയിലുള്ളയാൾ വർഷാവസാനം സകാത്ത് നൽകണം അല്ലേ ? എത്രയാണ് നൽകേണ്ടത് ?**

അതെ,  വർഷത്തിനിടക്ക് ഒരിക്കലും സ്വർണത്തിന്റെ തൂക്കം നിസാബിലും താഴെ പോയില്ലെങ്കിൽ. വർഷാവസാനം കയ്യിലുള്ള ആകെ തൂക്കത്തിന്റെ 2.5% നൽകണം.

**ഒരാളുടെ കയ്യിൽ 85g സ്വർണ്ണം വന്നതിന് ശേഷം 11 മാസം കഴിഞ്ഞ് 65g കൂടി വാങ്ങി. അപ്പോൾ അടുത്ത മാസം (പന്ത്രണ്ടാം മാസം) എത്ര സകാത്ത് നൽകണം ?**

150 ഗ്രാമിന്റെ (85g+65g) രണ്ടര ശതമാനം ആയ  3.75g സ്വർണ്ണം സകാത്ത് നൽകണം.[1]

**അതിന് തുല്യമായ രൂപ നൽകിയാൽ മതിയോ?**

പോര. സ്വർണം/വെള്ളി യുടെ സകാത്ത് അത് തന്നെയും കാർഷിക വിളകളുടെ സകാത്ത് വിളകളും മൃഗങ്ങളുടേത് മൃഗങ്ങളെ തന്നെയും നൽകണം. എന്നാൽ കച്ചവട ചരക്കിന്റെ സകാത്ത് പണമാണ് നൽകേണ്ടത്.

**എല്ലാ കച്ചവട ചരക്കുകൾക്കും സകാത്തുണ്ടോ?**

ഉണ്ട്. 595g വെള്ളിയുടെ വിലക്കുള്ള മുതലുണ്ടെങ്കിൽ. അത്രയാണ് നിസാബ്?

**കച്ചവടം തുടങ്ങുമ്പോഴുള്ള ചരക്കിന്റെ വില ഇത്ര ഉണ്ടെങ്കിലാണോ?**

തുടങ്ങുമ്പോഴുള്ള ചരക്കിന്റെ വില ഇത്ര വേണമെന്നില്ല. കച്ചവടം തുടങ്ങി ഒരു വർഷമായാൽ, നിലവിലുള്ള മുഴുവൻ ചരക്കുകളും വിറ്റുകിട്ടിയ വരുമാനവും കിട്ടാനുള്ള കടവും മറ്റ് Current Assets ഉം  കൂട്ടി 595g വെള്ളിയുടെ വിലക്ക് തുല്യമോ അധികമോ ഉണ്ടെങ്കിൽ മൊത്തത്തിന്റെ 2.5% സക്കാത്ത് നൽകണം. ഇത് ഓരോ വർഷവും ചെയ്യണം.

**അപ്പോൾ വർഷം കണക്കാക്കുന്നത് കച്ചവടം തുടങ്ങിയത് മുതലാണ്, അപ്പോഴുള്ള ചരക്കിന്റെ വില നോക്കണ്ട; അല്ലേ ?**

അതെ. പക്ഷെ, മുലധനം 595g വെള്ളിയേക്കാൾ കൂടുതലായിരുന്നെങ്കിൽ ആ തുക കൈവശം വന്നത് മുതൽ വർഷം എണ്ണണം. കുറവായിരുന്നെങ്കിൽ ചരക്ക് വാങ്ങിയത് മുതലും. തുടക്കത്തിലുള്ള ചരക്കിന്റെ വില നോക്കുന്നില്ല.

---

[1] വർഷത്തിനടയിൽ ആർജിക്കുന്ന ധനത്തിന്റെ സകാത്ത് നിസാബിന്റെ വർഷമാകുമ്പോൾ നൽകുന്ന രീതി (ഹനഫീ മദ്ഹബ്) ശാഫീ മദ്ഹബിൽ "മുൻകൂട്ടി നൽകുന്ന സകാത്ത്" എന്ന ഗണത്തിലാണ് വരുന്നത്. ആ രീതിയാണ് കൂടുതൽ പ്രായോഗികം.

**2.5% അല്ലേ നൽകേണ്ടത് ? ചരക്കുകൾ തന്നെ നൽകാമോ?**

ചരക്കുകൾ അല്ല. വിലയാണ് നൽകേണ്ടത്. ചരക്കുകളും വിറ്റുകിട്ടിയ വരുമാനവും കിട്ടാനുള്ള കടവും മറ്റ് Current Assets ഉം എല്ലാം കൂട്ടി മൊത്തം വിലയുടെ 2.5%.

**ചരക്കുകൾ വാങ്ങിയ വിലയാണോ വിൽക്കുന്ന വിലയാണോ മൂല്യം കണക്കാക്കുമ്പോൾ പരിഗണിക്കേണ്ടത് ?**

നമ്മൾ വിൽക്കുന്ന വില. അഥവാ Selling Price.

**കൊടുത്തു വിടേണ്ട കടമുണ്ടെങ്കിലോ ? അത്രയും തുക കുറക്കാമോ?**

ഭാവിയിൽ കൊടുത്തു വീടുന്ന കടമാണെങ്കിൽ കുറക്കാൻ പാടില്ല.

**നമ്മുടെ കൈവശമുള്ള ഭൂമിക്ക് സകാത്തില്ലല്ലോ. എന്നാൽ അത് വിൽക്കുമ്പോൾ സകാത്ത് നൽകണോ ?**

വേണ്ട. കച്ചവടാവശ്യാർത്ഥം വാങ്ങി വിൽപന നടത്തുന്ന വസ്തുക്കൾക്ക് മാത്രമാണ് സകാത്ത്. റിയൽ എസ്റ്റേറ്റ് ബിസിനസ് ചെയ്യുമ്പോൾ ഭൂമി വാങ്ങുന്നത് വിൽക്കാനാണ്. അത് കൊണ്ട് അത്തരം ബിസിനസ് ചെയ്യുന്നവർ നൽകണം.

**കോഴിക്കളെ വിൽക്കാൻ ഉദ്ദേശിച്ച് കോഴി ഫാം തുടങ്ങിയാൽ അതിന് സകാത്തുണ്ടോ ?**

തീർച്ചയായും.

**സകാത്ത് നിർബന്ധമുള്ളവയാണല്ലോ ആടുകൾ. അതിനെ വളർത്തി വിൽക്കുന്ന ഫാം തുടങ്ങിയാൽ കച്ചവടത്തിന്റെ സകാത്താണോ നൽകേണ്ടത് അല്ലങ്കിൽ ആടിന്റെ സകാത്തോ ?**

കച്ചവടത്തിന്റെ സകാത്ത്. കാരണം, സ്വന്തത്രമായി മേയുന്ന ആടുകൾക്കും മാടുകൾക്കും ഒട്ടകങ്ങൾക്കും മാത്രമാണ് അവയുടെ എണ്ണം നോക്കി സകാത്ത് കൊടുക്കേണ്ടത്. പ്രത്യേക സംവിധാനത്തിൽ അവയെ ഫീഡ് ചെയ്ത് വളർത്തി വിൽപന നടത്തുന്ന ഫാം ബിസിനസ്സുകാർ കച്ചവടത്തിന്റെ സകാത്താണ് നൽകേണ്ടത്.

പുറത്ത് മേയുന്ന ആടുകൾക്ക് മാത്രമമേ സകാത്തുള്ളൂ ?

അതെ.

എത്ര ആടുണ്ടെങ്കിൽ സകാത്ത് കൊടുക്കണം?

നാൽപതോ അതിലധികമോ ആടുകൾ ഉടമസ്ഥതയിൽ ഉണ്ടെങ്കിൽ ഒരു വർഷം തികഞ്ഞാൽ വർഷാവസാനം കൈവശമുള്ള മുഴുവൻ അടുകൾക്കും സകാത്ത് നൽകണം.

എത്ര കൊടുക്കണം?

40 മുതൽ 120 വരെ ആടുകൾ (അല്ലങ്കിൽ ചെമ്മരിയാട്) ഉണ്ടെങ്കിൽ ഒരു വയസ്സ് കഴിഞ്ഞ ഒരു ചെമ്മരിയാടോ രണ്ട് വയസ്സ് കഴിഞ്ഞ ആടോ നൽകണം.
121 മുതൽ 200 വരെ ആടുകൾക്ക് അങ്ങനെയുള്ള രണ്ടെണ്ണം. 201 മുതൽ 399 വരെ മുന്നെണ്ണം. 400ന് നാലെണ്ണം. പിന്നീടങ്ങോട്ട് ഓരോ 100നും ഒന്ന് വീതം കൂട്ടി നൽകണം.

മാടുകളും മേഞ്ഞു തിന്നുന്നത് ആകണമെന്നുണ്ടോ ? അവയുടെ കണക്ക് എങ്ങിനെയാണ് ?

ആടുകളും (ആട്&ചെമ്മരിയാട്) മാടുകളും (പശു&കാള, എരുമ&പോത്ത്) ഒട്ടകവും മേഞ്ഞു തിന്നുന്നത് ആയിരിക്കണം.

മുപ്പത് മാടുകൾ ഉണ്ടെങ്കിൽ ഒരു വയസ്സ് കഴിഞ്ഞ കാളക്കുട്ടിയെ നൽകണം. നാൽപ്പത് മാടുകൾ ഉണ്ടെങ്കിൽ രണ്ട് വയസ്സ് കഴിഞ്ഞ പശുവിനെ നൽകണം. പിന്നീട് ഇതിന്റെ അവർത്തനം ആണ്. അതായത്, 70 ഉണ്ടെങ്കിൽ രണ്ട് വയസ്സ് കഴിഞ്ഞ പശു + ഒരു വയസ്സ് കഴിഞ്ഞ കാളക്കുട്ടി. 80 ഉണ്ടെങ്കിൽ രണ്ട് വയസ്സ് കഴിഞ്ഞ പശുക്കൾ രണ്ടെണ്ണം..

ഒട്ടകത്തിന്റെ കണക്ക്?

4 എണ്ണം വരെ ഒട്ടകത്തിന് സകാത്തില്ല.
5 മുതൽ 9 വരെ: ഒരു വയസ്സ് കഴിഞ്ഞ ചെമ്മരിയാട്/രണ്ട് വയസ്സ് കഴിഞ്ഞ ആട് - ഒരെണ്ണം. 10 - 14 : രണ്ടെണ്ണം. 15 - 19 : മൂന്ന്. 20 - 24 : നാല്
25 - 35 : ഒരു വയസ്സ് കഴിഞ്ഞ ഒരു പെൺ ഒട്ടകം - ഒന്ന്
36 - 45 : രണ്ട് വയസ്സ് കഴിഞ്ഞ ഒരു പെൺ ഒട്ടകം - ഒന്ന്

46 - 61 : മൂന്ന് വയസ്സ് കഴിഞ്ഞ ഒരു പെൺ ഒട്ടകം - ഒന്ന്
61 - 75 : നാല് വയസ്സ് കഴിഞ്ഞ ഒരു പെൺ ഒട്ടകം - ഒന്ന്
76 - 90 : രണ്ട് വയസ്സ് കഴിഞ്ഞ ഒരുപെൺ ഒട്ടകം - രണ്ട്
91 - 120 : മൂന്ന് വയസ്സ് കഴിഞ്ഞ രണ്ട് പെൺ ഒട്ടകം - രണ്ട്
121 മുതൽ : രണ്ട് വയസ്സ് കഴിഞ്ഞ പെൺ ഒട്ടകം - മൂന്നെണ്ണം + ഒരോ 40 എണ്ണത്തിനും ഒന്ന് കൂടി / ഓരോ 50 എണ്ണത്തിനും മൂന്ന് വയസ്സ് കഴിഞ്ഞ ഒരു പെൺ ഒട്ടകം കൂടി.

## കൃഷി ചെയ്ത് കിട്ടിയ വിളകൾ വിൽക്കുന്നവർ കച്ചവടത്തിന്റെ സകാത്ത് നൽകണോ ?

കാർഷിക വിളകൾക്കാണ് സകാത്ത്. അത് ഉപയോഗിക്കുകയോ വിൽക്കുകയോ ഭാവിയിലേക്ക് കരുതി വെക്കുകയോ എന്തും ആവാം.

## എന്തൊക്കെ കൃഷി ചെയ്താൽ സകാത്ത് കൊടുക്കണം ?

അരി, ഗോതമ്പ്, ബാർലി, ചോളം തുടങ്ങിയ ധാന്യങ്ങളും ഉണക്കി സൂക്ഷിക്കുന്ന ചെറുപയർ, കടല, തുവര,വെള്ളക്കടല തുടങ്ങിയ പയറു വർഗങ്ങളും ഈത്തപ്പഴം, മുന്തിരി എന്നീ രണ്ട് പഴങ്ങളും.

## എത്രയുണ്ടെങ്കിൽ സകാത്ത് നൽകണം ?

തൊലി കളഞ്ഞ ധാന്യം 300 സാഅ് ഉണ്ടെങ്കിൽ അഥവാ 960 ലിറ്റർ.
തൊലിയോടെപ്പം (ഉദാ. നെല്ല്) 600 സാഅ് അഥവാ 1920 ലിറ്റർ.
ഈത്തപ്പഴം, മുന്തിരി എന്നിവ ഉണക്കിയത് - അഥവാ കാരക്ക, ഉണക്ക മുന്തിരി എന്നിവ -300 സാഅ് ഉണ്ടെങ്കിൽ അഥവാ 960 ലിറ്റർ.

## എത്രയാണ് നൽകേണ്ടത്? എപ്പോഴാണ് കൊടുക്കേണ്ടത് ?

മേൽ പറഞ്ഞ അളവുണ്ടെങ്കിൽ നനച്ചുണ്ടാക്കിയ കൃഷിയാണെങ്കിൽ 5% ഉം അല്ലാത്തതിൽ 10% ഉം കൊടുക്കണം. വിളകൾക്ക് ഒറ്റത്തവണ മാത്രമേ സകാത്തുള്ളൂ, വിളവെടുത്തയുടനെ.

## ഈ വിളകൾ വിറ്റ് കാശ് നൽകിയാൽ മതിയോ?

പോര.

## ഇസ്ലാമിക ഭരണ കാലത്ത് വിളകൾ എങ്ങനെയാണ് വിതരണം ചെയ്തത് ?

സകാത്തിന്റെ ധനത്തെ “പരസ്യ സമ്പത്ത്”, “രഹസ്യ സമ്പത്ത്” എന്നിങ്ങനെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. കാർഷിക വിളകളും കന്നുകാലികളും പരസ്യ സമ്പത്തിൽ പെട്ടതാണ്. പണമായി നൽകുന്നതും സ്വർണ്ണം/വെള്ളി സമ്പാദ്യങ്ങളും രഹസ്യ സമ്പത്താണ്. പരസ്യ സമ്പത്തിന്റെ അളവും തൂക്കവും പൊതുവേ വലുതാണ്. കൈകാര്യം ചെയ്യലും വിതരണവും എളുപ്പമല്ല. പ്രവാചകന്റെ കാലത്തും പിന്നീട് ഖലീഫമാരുടെ കാലത്തുമെല്ലാം പരസ്യ സമ്പത്ത് ഭരണാധികാരി വാങ്ങി വിതരണം ചെയ്യുകയാണുണ്ടായത്.

## രഹസ്യ സമ്പത്ത് ഭരണാധികാരിക്ക് വാങ്ങി വിതരണം ചെയ്ത് കൂടെ ?

ഉത്തരവാദിത്വമില്ല. സകാത്ത് കൊടുക്കുന്നവർ രഹസ്യ സമ്പത്ത് ഭരണാധികാരിക്ക് കൊടുക്കൽ നിർബന്ധമില്ല. സ്വന്തമായോ വകീലിനെ ഏൽപ്പിച്ചോ വിതരണം ചെയ്യാം.

## വകീലിനെ ഏൽപ്പിക്കുമ്പോൾ സംഘടിതമായി ചെയ്യാമോ ?

തീർച്ചയായും.
ഒരു നാട്ടിലെ കുറേ സകാത്ത് ദായകർ ഒരുമിച്ച് ഒരു വകീലിനെ അന്നാട്ടിലുള്ള അവകാശികൾക്ക് സകാത്ത് വിതരണം ചെയ്യാൻ എൽപ്പിക്കാം. എന്നാൽ, വകീൽ തൻ്റെ കൂലിയോ യാത്രാ ചെലവോ ഒന്നും സകാത്തിൻ്റെ ധനത്തിൽ നിന്നും എടുക്കാൻ പാടില്ല.

## വകീലിനെ ഏൽപ്പിക്കുമ്പോൾ നിയ്യത്ത് വേണ്ടേ ?

സകാത്ത് വീടാൻ "ഞാൻ എന്റെ സകാത്ത് നൽകുന്നു" എന്ന് ധനം മാറ്റി വെക്കുമ്പോഴോ വിതരണം ചെയ്യുമ്പോഴോ മനസ്സിൽ കരുതൽ നിർബന്ധമാണ്. വക്കീലിനെ ഏൽപ്പിക്കുമ്പോൾ "താങ്കളെ എന്റെ സകാത്ത് വിതരണം ചെയ്യാൻ വക്കീലാക്കുന്നു " എന്ന് പറയലും നിർബന്ധമാണ്.

## ആർക്കൊക്കെ സകാത്ത് നൽകാം ?

ഖുർആനിൽ പറഞ്ഞ 8 ആളുകൾക്ക് മാത്രം.

## അവർ ആരൊക്കെ?

ആദ്യ ഗണം: ഫഖീർ, മിസ്കീൻ, സകാത്തിന്റെ ജോലിക്കാർ, പുതു വിശ്വാസികൾ.
രണ്ടാമത്തെ ഗണം : അടിമ മോചനത്തിന്, കടക്കാരന്, അല്ലാഹുവിന്റെ മാർഗത്തിലെ ജിഹാദിന്, യാത്രക്കാരന്.

### രണ്ട് ഗണമാക്കിതിന്റെ അടിസ്ഥാനമെന്താണ് ?

ഖുർആനിന്റെ ഭാഷാ പ്രയോഗം അങ്ങിനെയാണ്. ആദ്യ നാലു പേർക്ക് പ്രത്യേക ആവശ്യത്തിനല്ല നൽകുന്നത്. രണ്ടാമത്തെ ഗണത്തിലുള്ള വർക്ക് എന്തിനാണ് നൽകേണ്ടത് എന്നു പറഞ്ഞിട്ടുണ്ട് ?

### ഉദാഹരണം പറഞ്ഞാൽ?

അടിമ മോചനത്തിന് വേണ്ടി കരാറിലേർപ്പെട്ട അടിമക്ക് നൽകാം. അടിമ മോചനം എന്ന ആവശ്യത്തിന് വേണ്ടി മാത്രമാണത്. അതേ പോലെ കടമുള്ളയാൾക്ക് കടം വീട്ടാൻ വേണ്ടി മാത്രമാണ് നൽകുന്നത്.

### രണ്ട് ഗണത്തിലുള്ള അവകാശികളെയും ഒന്ന് വിവരിക്കാമോ?

ഒന്നാമത്തെ ഗണം:
1. ഫഖീർ
ആവശ്യങ്ങൾ നിറവേറ്റാൻ പകുതി പോലും സമ്പത്ത് കൈവശമില്ലാത്തവർ: സമ്പാദിക്കാൻ ശേഷിയില്ലാത്തവരും, ദിനീ പഠനത്തിന് സമർപ്പിച്ചത് കൊണ്ട് സമ്പാദിക്കാൻ സമയമില്ലാത്തവരും.
2. മിസ്കീൻ
വരുമാനം ആവശ്യങ്ങൾക്ക് തികയാത്തവർ: ചെറിയ വരുമാനം മാത്രമുള്ളവരും ദീനീ പഠനകാരണത്താൽ കൂടുതൽ സമ്പാദിക്കാനാകാത്തവരും.
3. സകാത്ത് കൃത്യമായി കൈകാര്യം ചെയ്യുന്ന മുസ്ലിം ഭരണാധികാരി സകാത്തിൻ്റെ പണികൾക്ക് നിയോഗിച്ച ആളുകൾ.
4. ആവശ്യക്കാരായ പുതു വിശ്വാസികൾ, കീഴിലുള്ളവരോ കൂടെയുള്ളവരോ ഇസ്ലാമിലേക്ക് വരാനോ കൂടുതൽ നല്ല വിശ്വാസികളാകാനോ സാധ്യതയുള്ള നേതാവ്/ തലവൻ.

രണ്ടാമത്തെ ഗണം:
1. മോചനം നേടാൻ വേണ്ടി
മോചനക്കരാറിലേർപ്പെട്ട അടിമക്ക്.
2. കടം വീട്ടാൻ വേണ്ടി

സംഘട്ടനങ്ങളും തർക്കങ്ങളും തീർപ്പാക്കാനോ സ്വന്തത്തിനോ ആശ്രിതർക്കോ ജീവിക്കാനോ കടം വാങ്ങിയവർക്കും ഒരാളുടെ കടത്തിന് ജാമ്യം നിന്നത് കൊണ്ട് കടബാധ്യതയുള്ളവർക്കും .

3. ജിഹാദിൻ്റെ ആവശ്യത്തിന് വേണ്ടി

അല്ലാഹുവിൻ്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവർക്ക്.

4.യാത്രയുടെ ആവശ്യത്തിന് വേണ്ടി.

പഠനം, ജോലി, വിനോദയാത്ര തുടങ്ങിയ അനുവദനീയമായ യാത്ര പോകുന്നവർക്കും യാത്രാമധ്യേയുള്ള ആവശ്യക്കാരായ അന്യ നാട്ടുകാർക്കും.

## മസ്ജിദുകൾ നിർമിക്കാനും മദ്റസകൾ ഉണ്ടാക്കാനും സകാത്ത് നൽകാമോ? "ഫീ സബീലില്ലാഹ്" എന്ന വിഭാഗത്തിൽ അതെല്ലാം പെടില്ലേ?

ഭൂരിപക്ഷം കർമ്മശാസ്ത്ര പണ്ഡിതരുടെയും അഭിപ്രായത്തിൽ പെടില്ല. മാത്രമല്ല, സകാത്തിന്റെ അവകാശികളെല്ലാം വ്യക്തികളാണ്. "ഫീ സബീലില്ലാഹ്" എന്ന വിഭാഗത്തിൽ പണ്ഡിതർ ഉൾപ്പെടുത്തിയത് ജിഹാദ് ചെയ്യുന്ന വ്യക്തിയെ ആണ്.

## "ഫീ സബീലില്ലാഹ്" എന്ന വിഭാഗം ഇപ്പോൾ ഇല്ല എന്നതാണോ ശരി ?

ഭൂരിപക്ഷം കർമ്മശാസ്ത്ര പണ്ഡിതരുടെയും അഭിപ്രായത്തിൽ നിയമപ്രകാരമുള്ള ജിഹാദ് ചെയ്യുന്ന വ്യക്തികൾ മാത്രമാണ് ആ വിഭാഗത്തിൽ പെടുന്നത്. ജിഹാദിനെ പുതിയ കാലത്ത് സായുധ പോരാട്ടമായി മാത്രം കാണാത്ത ചിലരുണ്ട്. അവരുടെ വീക്ഷണ പ്രകാരം ഇസ്ലാമിനെതിരെയുള്ള വൈജ്ഞാനിക/സാംസ്കാരിക കടന്നു കയറ്റങ്ങളെ ചെറുക്കുന്നതും ജിഹാദാണ്. അത് പ്രകാരം ഇത്തരം ജിഹാദ് ചെയ്യുന്ന വ്യക്തികൾക്ക് അതിന് ആവശ്യമായ കാര്യങ്ങൾക്ക് വേണ്ടി സകാത്ത് നൽകാം. എന്നാൽ ഭൂരിപക്ഷ കർമ്മശാസ്ത്ര പണ്ഡിതരും "ഫീ സബീലില്ലാഹ്" എന്ന വിഭാഗം ഇപ്പോൾ ഇല്ല എന്ന വീക്ഷണക്കാരാണ്.

## സകാത്തിന്റെ അവകാശികളായ വേറെ ഏതെങ്കിലും വിഭാഗം ഇപ്പോൾ നിലവിലില്ലാത്തത് ഉണ്ടോ ?

മോചനക്കരാറിലേർപ്പെട്ട അടിമ, സകാത്തിൻന്റെ പണികൾക്ക് നിയോഗിച്ച ആളുകൾ - ഇത് രണ്ടും ഇല്ല.

## സകാത്തിന്റെ അവകാശികളായി പറയപ്പെട്ട എല്ലാവർക്കും ഒരാൾ സകാത്ത് നൽകണോ ?

സകാത്തിന്റെ ധനം കുറവാണെങ്കിൽ വേണ്ട എന്ന അഭിപ്രായങ്ങളുണ്ട്. അല്ലാത്ത പക്ഷം അവകാശികളായി പറയപ്പെട്ട ഒരോ വിഭാഗത്തിൽ നിന്നും ചുരുങ്ങിയത് മൂന്നു വീതം ആളുകൾക്ക് നൽകണം.

## ഒന്ന് വിശദീകരിക്കാമോ?

ഫഖീർ, മിസ്കീൻ, കടക്കാർ, യാത്രക്കാർ എന്നീ നാല് വിഭാഗം നമ്മുടെ നാട്ടിൽ പൊതുവേ ഉണ്ടാകും. ചിലപ്പോൾ പുതുതായ് ഇസ്ലാം സ്വീകരിച്ചവരും ഉണ്ടാകും. ഈ അഞ്ച് വിഭാഗവും ഉണ്ടെങ്കിൽ അവരിൽ ഓരോ വിഭാഗത്തിൽ നിന്നും മൂന്നുപേർക്ക് വീതം നൽകണം. അതായത് മൊത്തം 3x5 (=15) വ്യക്തികൾക്ക്.

## എല്ലാവർക്കും തുല്യമായി നൽകണോ?

അഞ്ച് വിഭാഗങ്ങളാണുള്ളതെങ്കിൽ ആ വിഭാഗങ്ങൾക്കിടയിൽ തുല്യമായി വീതിക്കണം. എന്നാൽ ഒരു വിഭാഗത്തിലുള്ള വ്യക്തികൾക്കിടയിൽ തുല്യമായി വീതിക്കണമെന്നില്ല.

## ഒരു നാട്ടിൽ പുതുതായ് ഇസ്ലാം സ്വീകരിച്ച ഒരാൾ മാത്രമേ ഉള്ളൂ. ഫഖീർ, മിസ്കീൻ, കടക്കാർ, യാത്രക്കാർ എന്നിവർ കുറേയുണ്ട്. അപ്പോഴോ ?

പുതുതായ് ഇസ്ലാം സ്വീകരിച്ചയാൾ ആവശ്യക്കാരനാണെങ്കിൽ മറ്റുള്ള വിഭാഗത്തിന്റെ അത്രയും വിഹിതം മുഴുവനായും അദ്ദേഹത്തിന് നൽകാം.  ആവശ്യക്കാരനല്ലെങ്കിൽ മറ്റുള്ള നാല് വിഭാഗത്തിനും കൂടുതൽ വിഹിതം നൽകാം.

## സകാത്ത് കുടുംബക്കാർക്ക് നൽകാമോ?
ഒരാൾ ചെലവിന് നൽകൽ നിർബന്ധമുള്ളവർക്ക് ഒഴികെ മറ്റ് കുടുംബക്കാർക്ക് നൽകാം. എന്നല്ല, കുടുംബത്തിലുള്ള അർഹർക്കാണ് മുൻഗണന കൊടുക്കേണ്ടത്.

## സകാത്ത് വിതരണത്തിൽ വേറെ മുൻഗണനകൾ ഉണ്ടോ ?

നാട്ടിലുള്ളവർക്ക് മുൻഗണനയുണ്ട്. മാത്രമല്ല, നാട്ടിൽ അവകാശികൾ ഉള്ളപ്പോൾ വളരെ അത്യാവശ്യ സാഹചര്യത്തിലല്ലാതെ നാട്ടിന് പുറത്തേക്ക് സകാത്ത് മാറ്റരുത്.

## ശാഫീ മദ്ഹബിൽ സകാത്തില്ലാത്ത ധനത്തിന് മറ്റു മദ്ഹബിൽ സകാത്തുണ്ടെങ്കിൽ നമുക്ക് നൽകാമോ?
തീർച്ചയായും. ഉദാഹരണത്തിന്, സ്വർണ്ണാഭരണങ്ങൾ ഉള്ളവർ പ്രതിഫലം ആഗ്രഹിക്കുന്നുവെങ്കിൽ ഹനഫീ മദ്ഹബ് അനുസരിച്ച് സകാത്ത് നൽകാം.